DESPATCHED
On...08/06/2020
17-3-20



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP.2747** ***(2)/2018***/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.**14987**/*എസ്.ഐ.സി-ജി* ***6/18***

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ. ലില്ലിക്കുട്ടി
അനിതാഭവൻ, മാവിള, അരിപ്ലാച്ചി.പി.ഒ
തൊളിക്കോട്(വഴി)
കൊല്ലം–691 333 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
കൃഷി ജോയിന്റ് ഡയറക്ടർ(ഡബ്യൂ എം)
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
വികാസ്ഭവൻ, തിരുവനന്തപുരം
2. അപ്പീൽ അധികാരി,
കൃഷി അഡീഷണൽ ഡയറക്ടർ (സിപി),
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
വികാസ്ഭവൻ, തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06.10.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 10.10.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 30.10.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 28.11.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 12.12.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 21.12.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 13.10.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.10.2019 – കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരി 06.10.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് അഞ്ചൽ അഗ്രിക്കൾച്ചറൽ ഓഫീസർക്ക് പി.34/2017 30.05.2017 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 25.08.2017 100 രൂപ സ്റ്റാമ്പ് ഒട്ടിച്ച് ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതുമായ പരാതിയിൽ അഞ്ചൽ ഓഫീസിന് അപേക്ഷ കൊടുത്ത് രസീത് കൈപ്പറ്റിയിട്ടുള്ളതും ആയതിന്റെ നിലവിലുള്ള സ്ഥിതിയോ നടപടിയോ ഒന്നും രേഖാമൂലം തന്നിട്ടില്ലാത്തതാണെന്നും, ആയതിന്മേലുള്ള 4 ചോദ്യങ്ങൾക്ക് മറുപടി നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 10.10.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരി വിവരാവകാശ അപേക്ഷ അഞ്ചൽ കൃഷിഭവനിലെ എസ്.പി.ഐ.ഒയ്ക്കായിരുന്നു നൽകേണ്ടിയിരുന്നതെന്നും, എന്നാലും ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകുന്നുവെന്നും, 1,2,4 ഇനങ്ങൾക്ക് മറുപടി നൽകുകയും 3 മത്തെ ഇനത്തിന് മറുപടി നൽകാനായി വകുപ്പ് 6(3) പ്രകാരം അഞ്ചൽ കൃഷി ഭവൻ എസ്.പി.ഐ.ഒ യ്ക്ക് കൈമാറി നൽകുന്നുവെന്ന് അറിയിക്കുകയും ചെയ്തു.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരി 30.10.2018 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി തൃപ്തികരമല്ല എന്നും ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകണമെന്നുമാണ്.

5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 28.11.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾക്ക് എസ്.പി.ഐ.ഒ മറുപടി നൽകിയതായി കാണുന്നുവെന്നും, ഡാറ്റാ ബാങ്കിലെ തിരുത്തൽ സംബന്ധിച്ച് അപേക്ഷ തീർപ്പാക്കേണ്ട സമയം പ്രസ്തുത സ്ഥലത്തിന്റെ ഉപഗ്രഹചിത്രം ഉപയോഗിച്ചുള്ള പരിശോധന പൂർത്തിയാക്കുന്നതുവരെ എന്ന വിവരം അഞ്ചൽ കൃഷി ഓഫീസർ ഹർജിക്കാരിയെ അറിയിച്ചിട്ടുണ്ടെന്നും, ഡാറ്റാ ബാങ്കിലെ തിരുത്തലുകൾക്കായി അപേക്ഷ സ്വീകരിക്കുന്നതും തുടർനടപടികൾ കൈക്കൊള്ളുന്നതും ആതാത് പ്രാദേശിക നിരീക്ഷണസമിതികളാകയാൽ അപേക്ഷ സമർപ്പിച്ച ഓഫീസിലെ എസ്.പി.ഐ.ഒയ്ക്ക് തന്നെയായിരുന്നു അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നതെന്നും ആയതിനാൽ 6(3) വകുപ്പുപ്രകാരം അഞ്ചൽ കൃഷി ഭവനിലെ എസ്.പി.ഐ.ഒ യ്ക്ക് കൈമാറി നൽകിയെന്ന് 10.10.2018 ലെ മറുപടിയിലൂടെ സ്വീകരിച്ച നടപടി ക്രമപ്രകാരമാണെന്നുമാണ്.

6. 08.08.2019 ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ എസ്.പി.ഐ.ഒ പ്രസ്താവിച്ചത്, 12.07.2019 തീയതി കമ്മീഷൻ ഓഫിസ് തിരുവനന്തപുരത്ത് നടന്ന ഹിയറിങ്ങിൽ ഹാജരാകാൻ കത്ത് നൽകിയെങ്കിലും ഹാജരാകാൻ സാധിക്കില്ലെന്ന് കാരണം കാണിച്ച് കമ്മീഷനിൽ കത്ത് നൽകുകയും, സമർപ്പിച്ച റിപ്പോർട്ടിൽ പരാതിയിലെ ഇനം 3ന് അഞ്ചൽ കൃഷി ഓഫീസർ നൽകിയ റിപ്പോർട്ടും സമർപ്പിക്കുകയും ചെയ്തു. 28.10.2018 ൽ സമർപ്പിച്ച റിപ്പോർട്ടിൽ 10.10.2018 ന് നൽകിയ മറുപടിയിൽ ലഭ്യമായ പൊതുവിവരങ്ങൾ ഹർജിക്കാരിക്ക് നൽകിയിട്ടുണ്ടെന്നും, അപ്പീൽ നൽകിയതിൽ 31.10.2018 ന് അപ്പീൽ തീർപ്പാക്കി മറുപടി നൽകിയെന്നും, ഇനം 3 ന് മറുപടി നേരിട്ട് നൽകാനായി 6(3) പ്രകാരം അഞ്ചൽ കൃഷി ഓഫീസർക്ക് കൈമാറി നൽകുകയും ടി ഓഫീസിൽ നിന്നും ലഭിച്ച റിപ്പോർട്ട് ഹർജിക്കാരിക്ക് നൽകിയിട്ടുണ്ടെന്നുമാണ്. ഹർജിക്കാരി പരാതിയിൽ പറഞ്ഞിട്ടുള്ള സ്ഥലത്തിന്റെ ഉപഗ്രഹചിത്രം ലഭ്യമായതിനെത്തുടർന്ന് അതിന്റെ അടിസ്ഥാനത്തിൽ ഡാറ്റാബാങ്കിൽ നിന്നും പ്രസ്തുത സ്ഥലം ഒഴിവാക്കാൻ പ്രാദേശികതല നിരീക്ഷണ സമിതി യോഗം തീരുമാനിക്കുകയും തിരുത്തൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി പഞ്ചായത്തിന് നൽകുകയും ചെയ്തതായി അഞ്ചൽ കൃഷി ഓഫീസർ റിപ്പോർട്ട് നൽകിയെന്നുമാണ്.

7. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാ

രി സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ എസ്.പി.ഐ.ഒ നൽകിയതായി കാണുന്നതിനാലും, പരാതി പരിഹരിച്ച് കാണുന്നതിനാലും ടി പരാതി ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു കണ്ട് ടി അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

res